# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2428 **18.06.2014 -ൽ മറുപടിയ്ക്ക്**

## ചെറുകിട കുടിവെള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. റ്റി.എൻ പ്രതാപൻ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. ബെന്നി ബെഹനാൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) ഭൂഗർഭജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | എ) ഉണ്ട്. ശാസ്ത്രീയ ഭൂജല പര്യവേഷണം നടത്തി ഓരോ സ്ഥലത്തിനും അനുയോജ്യമായ കുഴൽകിണർ/ ട്യൂബു വെൽ നിർമ്മിച്ച് ജലലഭ്യതയ്ക്കനുസൃത മായി ചെറുകിട കുടിവെള്ള പദ്ധതികൾ ഭൂജല വകുപ്പ് നടപ്പിലാക്കുന്നു. രാജീവ് ഗാന്ധി കുടി വെള്ളപദ്ധതി, വരൾച്ചാ ദുരിതാശ്വാസ പദ്ധതി, സർക്കാർ/ സർക്കാരിതര വകുപ്പുകളിൽനിന്ന് ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ചുള്ള കുടി വെള്ള പദ്ധതികൾ, MLA-SDF, MP LAD മുതലായ പദ്ധതികളിൻ കീഴിലാണ് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നത്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാം ശങ്ങൾ എന്തെല്ലാം; | ബി) എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം കുറഞ്ഞ ചിലവിൽ ലഭ്യമാക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ശാസ്ത്രീയമായ രീതിയിൽ കിണർ നിർമ്മിച്ച് ജലലഭ്യതയ്ക്കനുസൃതമായ പമ്പുകൾ സ്ഥാപിച്ച് ദീർഘകാലം നിലനിൽക്കുന്ന പദ്ധതികളാണ് ഭൂജല വകുപ്പ് നടപ്പിലാക്കുന്നത്. |

| | |
|---|---|
| സി) എന്തെല്ലാം തരത്തിലുള്ള സഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ; | സി) രാജീവ്ഗാന്ധികുടിവെള്ള പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയും പ്രത്യേക സാഹചര്യങ്ങളിൽ വരൾച്ചാദുരിതാശ്വാസ പദ്ധതിയിൻകീഴിൽ സർക്കാർ അനുവദിക്കുന്ന തുകയും സർക്കാർ/സർക്കാരിതര വകുപ്പുകളിൽ നിന്ന് ലഭിക്കുന്ന തുകയും പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നു. കിണർ നിർമ്മാണം, പമ്പ് ഹൗസ്, വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണത്തിന് ഉപഭോക്താക്കൾ വിട്ടുനിൽക്കുന്ന സ്ഥലവും ഇത്തരം പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നു. |
| ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) ഉണ്ട്. കുഴൽകിണർ/ ട്യൂബ്വെൽ ഉപയോഗിച്ചുള്ള കുടിവെള്ള പദ്ധതികൾ 2002 മുതൽ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നു. 2013-14 സാമ്പത്തികവർഷം, രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, വരൾച്ചാ ദുരിതാശ്വാസ പദ്ധതി എന്നിവയിലുൾപ്പെടുത്തി ആകെ 466 കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി. 2014-15 സാമ്പത്തിക വർഷം, 304 കുടിവെള്ള പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ